**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4383** **28-10-2021 - ൽ മറുപടിയ്ക്ക്**

**പേരാവൂർ കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റിയിലെ ചിട്ടി തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പേരാവൂർ കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റിയിൽ നടന്ന ചിട്ടി തട്ടിപ്പിൽ അസിസ്റ്റന്റ് രജിസ്ട്രാർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ വ്യക്തമാക്കാമോ; | (എ) | അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. 28/09/2021 ലെ ഇടക്കാല റിപ്പോർട്ടിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സഹകരണ വകുപ്പിന്റെ അനുമതിയോ, സമ്മതമോ കൂടാതെ ധനതരംഗ് എന്ന പേരിൽ ചൂതാട്ടത്തിന്റെ സ്വഭാവത്തിലുള്ള നിക്ഷേപ പദ്ധതി ആരംഭിക്കുകയും ഇങ്ങനെ നിക്ഷേപിച്ച തുക വകമാറ്റി ചെലവഴിച്ചതിനാൽ നിക്ഷേപ തുക തിരിച്ച് നൽകാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിൽ ഉള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇടക്കാല റിപ്പോർട്ടിൽ 1,95,47,195/- രൂപ നിക്ഷേപകർക്ക് തിരിച്ചുകൊടുക്കാനുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ ടി നിക്ഷേപ തുക തിരിച്ചുകൊടുക്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം 2015-20 വർഷ കാലഘട്ടങ്ങളിലെ ഭരണ സമിതിയ്ക്കും സെക്രട്ടറിക്കുമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്രമക്കേടിന് ഉത്തരവാദികളായ സംഘം സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ എന്നിവരുടെ പേരിലുള്ള സ്ഥാവരജംഗമ വസ്തുക്കൾ കൈമാറാൻ സാധ്യതയുള്ളതിനാൽ കൈമാറ്റം ചെയ്ത് നൽകരുതെന്ന് കാണിച്ച് 12.10.2021 തീയതിയിൽ രജിസ്ട്രേഷൻ വകുപ്പിലെ ജില്ലാ രജിസ്ട്രാർക്ക് കണ്ണൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പേരാവൂർ കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റിക്ക് ചിട്ടി നടത്താൻ സഹകരണ വകുപ്പ് അംഗീകാരം നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ബി) | അംഗീകാരം നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത സൊസൈറ്റിയിലെ ചിട്ടിയിൽ നിക്ഷേപിക്കപ്പെട്ട തുക വകമാറ്റി ചെലവഴിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സൊസൈറ്റിയിൽ നടന്ന ചിട്ടി തട്ടിപ്പിൽ ഉൾപ്പെട്ടവരുടെ സ്വത്തുക്കൾ ക്രയവിക്രയം ചെയ്യാൻ അനുവദിക്കരുതെന്ന് ആവശ്യപ്പെട്ട് ജോയിന്റ് രജിസ്ട്രാർ, ജില്ലാ രജിസ്ട്രാർ എന്നിവർക്ക് കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | പ്രസ്തുത സൊസൈറ്റിയിൽ നടന്ന ക്രമക്കേടിൽ ഉൾപ്പെട്ടവരുടെ സ്വത്തുക്കൾ ക്രയവിക്രയം ചെയ്യാൻ അനുവദിക്കരുതെന്ന് ആവശ്യപ്പെട്ട് ഇരിട്ടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ൽ നിന്നും കണ്ണൂർ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ക്ക് 30.09.2021 ന് കത്ത് ലഭിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടിൽ ആരോപണ വിധേയനായ സംഘം സെക്രട്ടറി ശ്രീ.ഹരിദാസ്.പി.വിയുടെ കൈവശത്തിലുള്ള പേരാവൂർ മണത്തണ അംശം പേരാവൂർ ദേശത്തുള്ള വസ്തു കൈമാറ്റം അന്വേഷണ നടപടികൾ പൂർത്തിയാകുന്നതു വരെ കൈമാറ്റം നടത്തി രജിസ്റ്റർ ചെയ്തു നൽകരുതെന്ന് കാണിച്ച് 12/10/2021 തീയതിയിൽ രജിസ്ട്രേഷൻ വകുപ്പിലെ ജില്ലാ രജിസ്ട്രാർക്ക് കണ്ണൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) കത്ത് നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ